# 'ജലം ജീവാമൃതം'

## മാനേജിംഗ് ഡയറക്ടറുടെ
## നടപടിക്രമം

വിഷയം:- കേരള വാട്ടർ അതോറിറ്റി - വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി 05/08/2020 ൽ ഈ കാര്യാലയത്തിൽ നിന്നും ഇറക്കിയ ഉത്തരവിൽ വ്യക്തത വരുത്തുന്നത് -സംബന്ധിച്ച്.

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: കെ ഡബ്ല്യൂ എ/HO/RMC/R2/760/2020 തീയതി, തിരുവനന്തപുരം, 04.11.2020

---

സൂചന:- 1. 26/09/2016 ലെ മാനേജിങ് ഡയറക്ടറുടെ ഉത്തരവ് നമ്പർ KWA/HO/RMC/R4-001/2016

2. 05/08/2020 ലെ ചീഫ് എഞ്ചിനിയറുടെ ഉത്തരവ് നമ്പർ 6510/E1/2020 KWA(1)

**ഉത്തരവ്**

കേരള വാട്ടർ അതോറിറ്റിയിലെ വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുള്ള അധികാരം ഡിവിഷൻ ആഫീസുകളിലെ റവന്യൂ ഓഫീസർമാർ, സർക്കിൾ/ റീജിയൺ ആഫീസുകളിലെ അക്കൗണ്ട്സ് ഓഫീസർമാർ എന്നിവർക്ക് സൂചന 2 പ്രകാരം നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിൽ റവന്യൂ ഓഫീസർമാർക്കും അക്കൗണ്ട്സ് ഓഫീസർമാർക്കും എത്ര രൂപവരെയുള്ള പരാതികൾ പരിഹരിക്കാം എന്നതിനെ കുറിച്ച് വ്യക്തത വരുത്തിയിട്ടില്ല. ആയതിനാൽ ആദ്യ സൂചന പ്രകാരം ഡിവിഷൻ ആഫീസുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും സർക്കിൾ ആഫീസുകളിലെ സൂപ്രണ്ടിങ് എഞ്ചിനീയർമാർക്കും റീജിയൺ ആഫീസുകളിലെ ചീഫ് എഞ്ചിനീയർമാർക്കും പരാതികൾ പരിഹരിക്കുവാനും, കുടിശിക തുകകൾ തവണകൾ ആകുന്നതിനും, ലീക്കേജ് ആനുകൂല്യം അനുവദിക്കുന്നതിനും നൽകിയിരുന്ന അധികാരം ഡിവിഷൻ ആഫീസുകളിലെ റവന്യൂ ഓഫീസർമാർക്കും (റവന്യൂ ഓഫീസർമാർ ഇല്ലാത്ത ഡിവിഷനുകളിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാർക്കും) സർക്കിൾ/റീജിയൺ ആഫീസുകളിലെ അക്കൗണ്ട്സ് ഓഫീസർമാർക്കും താഴെ പറയും പ്രകാരം നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ഇനം | ഡിവിഷനുകളിലെ റവന്യൂ ആഫീസർ | സർക്കിളുകളിലെ അക്കൗണ്ട്സ് ആഫീസർ | റീജിയനുകളിലെ അക്കൗണ്ട്സ് ആഫീസർ |
|---|---|---|---|
| തവണകൾ | അഞ്ച് | എട്ട് | പത്ത് |
| പരാതി പരിഹാരം | ഒരു ലക്ഷം രൂപ വരെ | അഞ്ച് ലക്ഷം രൂപ വരെ | പത്ത് ലക്ഷം രൂപ വരെ |
| ലീക്കേജ് ആനുകൂല്യം | ഒരു ലക്ഷം രൂപ വരെ | --- | ---- |

മേൽ പറഞ്ഞ മാറ്റങ്ങളല്ലാതെ ആദ്യ സൂചനയിലെ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മറ്റുള്ള എല്ലാകാര്യങ്ങളും അതേപടി നിലനിൽക്കുന്നതായിരിക്കും

ഇ-അബാക്കസിൽ റവന്യൂ ഓഫീസർമാർക്കും അക്കൗണ്ട്സ് ഓഫീസർമാർക്കും ഇത് സംബന്ധിച്ച റോളുകൾ ഡേറ്റ ബേസ് അഡ്മിനിസ്ട്രേറ്റർ അടിയന്തിരമായി നൽകേണ്ടതാണ്.

കേരള വാട്ടർ അതോറിറ്റിയിലെ വിവിധ ആഫീസുകളിൽ വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട നിരവധി പരാതികൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കാതിരിക്കുന്നതുവഴി കോടതി വ്യവഹാരങ്ങളിലേക്കും മറ്റും നീങ്ങുന്നതായും അതുപോലെ തന്നെ ബഹു. മുഖ്യമന്ത്രിയുടെയും മറ്റ് വകുപ്പ് മന്ത്രിമാരുടെയും ആഫീസുകളിൽ നിന്നും ഉപഭോക്താക്കളുടെ പരാതികൾ ലഭിക്കുന്നുണ്ട് എല്ലാ പരാതികളും സമയബന്ധിതമായി തീർപ്പാക്കേണ്ടതുണ്ട്. ആയതിനാൽ ഒരു പരാതി ലഭിച്ചു 15

Draft #1 of File KWA/HO/RMC/R2/760/2020 Approved by Managing Director on 04-Nov-2020 02:55 PM - Page 1

ദിവസത്തിനകം ടി പരാതി തീർപ്പ കൽപ്പിച്ച് ആ വിവരം ഉപഭോക്താവിനെ അറിയിക്കേണ്ടതാണ്. പരാതി പരിഹരിക്കുവാൻ സാധിക്കാത്തതാണെങ്കിൽ ആയതിന്റെ കാരണ സഹിതം പരാതിക്കാരനെ അറിയിക്കേണ്ടതുമാണ്. അതോറിറ്റി സാമ്പത്തികമായി ബുദ്ധിമുട്ടു നേരിടുന്ന ഈ കാലയളവിൽ കുടിശിക തുക മുഴുവനായും പിരിച്ചെടുക്കുന്നതിനും പരാതികൾ കഴിയുന്നത്ര കുറക്കുന്നതിനുമുള്ള ആത്മാർത്ഥമായ ശ്രമം എല്ലാ ജീവനക്കാരിൽനിന്നും ഉണ്ടാകേണ്ടതാണ്.

(ഒപ്പ്)

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

ചീഫ് എൻജിനീയർ

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്

ഉത്തരവിന്റെ പകർപ്പ്

അക്കൗണ്ട്സ് മെമ്പർ

എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനിയർ മാർക്കും

എല്ലാ സൂപ്രണ്ടിങ് എഞ്ചിനിയർ മാർക്കും

ചീഫ് എൻജിനിയർ (ജനറൽ )

എല്ലാ റവന്യൂ ആഫീസർമാർക്കും, അക്കൗണ്ട്സ് ആഫീസർമാർക്കും

Draft #1 of File KWA/HO/RMC/R2/760/2020 Approved by Managing Director on 04-Nov-2020 02:55 PM - Page 2

The document is digitally approved. Hence signature is not needed.